# Weekly Devotion - April 2019
## Evaluation of God - Step-3

(ദൈവീക മൂല്യനിർണ്ണയം - ഘട്ടം(3)




നാം എവിടെ ജീവിച്ചു, എത്രനാൾ ജീവിച്ചു, എന്നതല്ല പിന്നെയോ, എങ്ങനെ ജീവിച്ചു എന്നതാണ് ദൈവം ശ്രദ്ധിക്കുന്നത്. അതുപോലെ എന്തു പറഞ്ഞാലും, എത്ര സമയം പറഞ്ഞാലും അത് ആരെക്കുറിച്ച് പറഞ്ഞു എന്നതാണ് വിഷയം. എന്തു പറയും, ഏതുഭാഷയിൽ പറയും (അറിയാത്ത ഭാഷക്കാർ പാർക്കുന്നിടമായാൽ പോലും) എന്നുള്ള ഭയവും വേണ്ട പോകുക എഴുന്നേല്ക്കുക മുതലായ നിർദ്ദേശങ്ങൾ പരിശുദ്ധാത്മാവ് തരുന്നത് അനുസരിക്കുക മാത്രം ചെയ്താൽ മതി.

സുവിശേഷ പ്രവർത്തനവുമായി ഹിന്ദിക്കാർ പാർക്കുന്ന ഒരു മേഖലയിൽ ഒരു മലയാളി സഹോദരൻ എത്തി. മലയാളം മാത്രം അറിയുന്ന ആൾ ഒരു മലയാളി അവിടെയുണ്ടെന്നറിഞ്ഞ് അദ്ദേഹത്തിന്റെ താമസസ്ഥലത്തെത്തി. അടുത്ത വിശുദ്ധ ദിവസം ആരാധന മുടക്കുവാൻ ഇഷ്ടമില്ലാതെ തലേദിവസം ഒരു സ്ഥലം ആരാധിപ്പാൻ കാട്ടിത്തരണേ എന്ന് പ്രാർത്ഥിച്ചു. രാവിലെ അടുത്തുള്ള പെന്തക്കോസ്തുകാരുടെ ആരാധനയ്ക്ക് പോകുവാൻ ക്ഷണിച്ചു. ഹിന്ദിയിലാണ് ആരാധന എങ്കിലും സ്തോത്രം ഹല്ലേലുയ്യാ എന്ന് പറയാമല്ലോ എന്ന് ചിന്തിച്ചപ്പോൾ പരിശുദ്ധാത്മാവ് പോകുക എന്ന് നിർദ്ദേശിച്ചു. പാട്ടും ആരാധനയും കഴിഞ്ഞ് വചന ശുശ്രൂഷയ്ക്കായി അതിഥിയെ ക്ഷണിച്ചപ്പോൾ താൻ മലയാളി ആണെന്നും ഹിന്ദി അറിയുകയില്ല എന്നും ഉറക്കെപ്പറഞ്ഞു. അവിടെ കൂടുന്നവർ ഇതൊന്നും ശ്രദ്ധിക്കാതെ പ്രസംഗിക്കുന്ന വ്യക്തിയ്ക്കു വേണ്ടി പ്രാർത്ഥിക്കുക ആയിരുന്നു. പത്തുമിനിറ്റ് എന്തു ചെയ്യണമെന്നറിയാതെയിരുന്ന മലയാളി യുവാവ് എഴുന്നേറ്റു കാരണം അത്രയ്ക്ക് ശക്തിയോടെയാണ് പരിശുദ്ധാത്മാവ് എഴുന്നേല്ക്കുവാൻ ആജ്ഞാപിച്ചത്. അദ്ദേഹം വായ് തുറന്നു അത് ഹിന്ദിയിലുള്ള ഒരു അനുഗ്രഹപ്രഭാഷണമായിരുന്നു. ആരാധനകഴിഞ്ഞപ്പോൾ ഒരമ്മച്ചി അദ്ദേഹത്തിന്റെ പോക്കറ്റിൽ കുറെനോട്ടുകൾ വച്ചു കൊടുത്തിട്ട് പറഞ്ഞു എന്റെ ആത്മാവ് നശിക്കാതെയിരുപ്പാൻ തന്ന ദൂതിനുള്ള സമ്മാനമാണിത്. ഇന്ന് ഞാൻ മരിക്കണമെന്ന് തീരുമാനിച്ചിരുന്നു. അമ്മച്ചി കണ്ണു തുടച്ചു നീങ്ങുമ്പോൾ എന്തിനാണ് ഹിന്ദി അറിയില്ല എന്ന് പറഞ്ഞത്.

പിന്നീട് പലരും അതേ ചോദ്യം ചോദിച്ചു. കത്തൃദിവസം തന്നെ എഴുന്നേല്ക്കുവാൻ അനുവദിച്ചതും വായ് തുറപ്പിച്ചതും പരിശുദ്ധാത്മാവാണെന്ന് പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ല, എന്നാൽ ഈ സംഭവം അദ്ദേഹത്തിന്റെ വിശ്വാസം വർദ്ധിപ്പിക്കുകയും സുവിശേഷവേലയ്ക്കായി തന്നെ തന്നെ ദൈവമുമ്പാകെ സമർപ്പിക്കുകയും ചെയ്യുവാൻ കാരണമായി തീർന്നു.

മൂല്യനിർണ്ണയത്തിന്റെ മൂന്നാംഘട്ടത്തിന് വിധേയമായത് പെർഗ്ഗമൊസ് സഭയാണ്. ഈ പട്ടണത്തെ സാത്താന്റെ സിംഹാസനം ഉള്ളേടം എന്ന് എഴുതിയിരിക്കുന്നു. കൈസറുടെ പ്രതിമ സ്ഥാപിച്ചാരാധിക്കുന്ന ക്ഷേത്രം,സർവ്വസൗഖ്യദായകനായി കരുതുന്ന അക്ലിപ്പിയാസിന്റെ ദേവാലയം രക്ഷിതാവെന്ന് കരുതുന്ന സേയൂസിന്റെ ദേവാലയവും ഉള്ള സ്ഥലമാകയാലാവും സാത്താന്റെ സിംഹാസനം ഉള്ള പ്രദേശം എന്ന് ചിത്രീകരിച്ചത്. കൂടാതെ ദൈവത്തിന്റെ വിശ്വസ്തരെ കൊല്ലുന്ന ഇടവുമാണ് ഈ പട്ടണമെന്ന് അന്തിപ്പാസ് എന്ന കർത്താവിന്റെ വിശ്വസ്ത സാക്ഷിയുടെ കൊലനടത്തിയതിൽ നിന്നും മനസ്സിലാക്കാം. (യേശുവിനുവേണ്ടി വിശ്വസ്തരായി നില്ക്കുന്നവരെ തന്റെ തന്നെ സ്ഥാനപ്പേർ നൽകി മാനിക്കുവാൻ കർത്താവ് വിശ്വസ്തനാകയാലാണ് അന്തിപ്പാസിനെ വിശ്വസ്തസാക്ഷി എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇപ്രകാരമുള്ള ഒരു ദേശത്ത് വസിക്കുന്നവരെ മൂല്യനിർണ്ണയം നടത്തുന്ന ഗുരു ഇരുവായ്ത്തലയുള്ള വാളോടുകൂടിയവനാണ്. റോമാ ഗവൺമെന്റിന്റെ തെറ്റായ പഠിപ്പിക്കലുകൾ അതിജീവിപ്പാൻ ദൈവവചനമാകുന്ന ഇരുവായ്ത്തലയുള്ള വാളാണ് ആവശ്യം. ഏതു സാഹചര്യത്തിൽ ജീവിക്കേണ്ടി വന്നാലും ക്രിസ്തുവിന്റെ നാമം മുറുകെ പിടിക്കുക എന്ന പെർഗ്ഗമൊസ് സഭയുടെ ചിന്ത അവരെ ജയാളികളായി പ്രഖ്യാപിക്കുവാൻ ഗുരുവിന് അവസരം ലഭിച്ചു. എല്ലാ നാമത്തിനും മേലായനാമം, ശ്രേഷ്ഠനാമം, പകർന്നതൈലം പോലുള്ള നാമം ഈ നാമം മുറുകെ പിടിച്ചാൽ ജയാളിയ്ക്കു ലഭിക്കുന്ന നന്മകൾ നമുക്ക് ലഭ്യമാക്കുന്നു. പ്രതികൂല സാഹചര്യങ്ങൾ വഴിമാറിയാത്രചെയ്യുവാൻ പ്രേരിപ്പിച്ചാലും കർത്താവിന്റെ നാമം മുറുകെപിടിക്കുവാൻ ധൈര്യം കാണിക്കുന്നവർക്ക് പാപമോചനവും വീണ്ടെടുപ്പുമുണ്ട്.(ലൂക്കോ:24:47) കർത്താവിന്റെ നാമത്തിൽ രോഗസൗഖ്യമുണ്ട് (Acts:4:10) ജീവനുള്ളതും ഉയർത്തുന്നതുമായ ഈ നാമംമുറുകെ പിടിച്ച് ജയാളികളാകുവാൻ ദൈവം നമ്മെയും സഹായിക്കട്ടെ.

എന്നാൽ മൂല്യനിർണ്ണയത്തിൽ തോൽവി സംഭവിക്കത്തക്ക ചിലകാര്യങ്ങൾ പെർഗ്ഗമൊസ് സഭയിലും കണ്ടെത്തുകയുണ്ടായി. വ്യക്തിപരമായ നേട്ടത്തിനും, സാമ്പത്തിക ലാഭത്തിനും വേണ്ടി അസന്മാർഗ്ഗികതയിലേക്കും. ലൗകീകതയിലേക്കും ജനത്തെ നയിക്കുന്ന ബീലെയാമ്യ ഉപദേശകരും, നിക്കലോവ്യ ഉപദേശകരും അവിടെയുള്ളതാണ്. തോൽവിയിലേക്ക് നയിച്ചത്. പെർഗ്ഗമൊസ് സഭയിലും ചിലർ ഈ ഉപദേശങ്ങളിൽ വീണ് ദൈവത്തോട് പാപം ചെയ്തു. അവർക്ക് മാനസാന്തരപ്പെടുവാൻ കർത്താവ് സമയം നൽകും അല്ലാഞ്ഞാൽ തന്റെ വായിലെ വാളുകൊണ്ട് പോരാടുമെന്ന് മുന്നറിയിപ്പ് നൽകുന്നു. ദൈവവചനമാകുന്ന ഇരുവായ്ത്തലയുള്ളവാൾ, അത് സാത്താനോട് പോരാടുന്ന ആത്മാവിന്റെ വാളാണ്, Read എബ്രാ:(4:12). എഫേ:(6:17).

ജയാളികൾക്ക് 'മറഞ്ഞിരിക്കുന്ന മന്നാ' പ്രതിഫലമായി നൽകുന്നു. ദൈവവചനമാകുന്ന മന്നയിൽ മറഞ്ഞിരിക്കുന്ന ക്രിസ്തു നമ്മുടെ അവകാശമാകട്ടെ. രണ്ടാമതായി വെള്ളക്കല്ലും ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും, ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയപേരും ലഭ്യമാക്കുന്നു. ന്യായവിധി നടത്തുന്ന ജഡ്ജി കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്ക് കറുത്തകല്ലിൽ പേർ എഴുതി നൽകുകയും അവന് ശിക്ഷാവിധി ലഭിക്കുകയും ചെയ്യുന്നു. എന്നാൽ നീതിമാനെന്ന് കണ്ടെത്തുന്നവന് വെള്ളക്കല്ലിൽ, ലഭിക്കുന്നവനല്ലാതെ ആർക്കും അറിയുവാൻ കഴിയാത്ത പുതിയപേരും ലഭിയ്ക്കുന്നു. നാം സഭയായി ഈ സമ്മാ

നങ്ങൾക്ക് യോഗ്യരോ? ജയാളികളാകുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ. കർത്താവിന്റെ നാമം മുറുകെ പിടിയ്ക്കുവാൻ ഏതു സാഹചര്യത്തിലും ദൈവം നമ്മെ ശക്തീകരിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind